**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1893** 13.06.2019-**ൽ മറുപടിക്ക്**

പറവൂരിലെ ശാന്തിവനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ കെ.സി. ജോസഫ്<br>" വി.ഡി സതീശൻ<br>" എ. പി. അനിൽകുമാർ<br>" അനിൽ അക്കര | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ജൈവ വൈവിധ്യം കൊണ്ട് സമ്പന്നമായ പറവൂരിലെ ശാന്തിവനം സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ യാണ്; | (എ) ഈ സ്ഥലം സ്വകാര്യ ഭൂമിയിലാണ്. മന്നം ചെറായി 110 കെ.വി ലൈൻ റൂട്ടിലുള്ള ശ്രീമതി. മീനാമോനോന്റെ വസ്തുവിലുള്ള ( ശാന്തി വനം) വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി അവിടെ സ്ഥാപിച്ചിരിക്കുന്നത് narrow based tower ആണ്. ടി വസ്തുവിലെ മരങ്ങൾ മുറിച്ചു മാറ്റാതിരിക്കുന്നതിനായി ടവറിന്റെ ഏറ്റവും താഴത്തെ cross arm ന്റെ ഉയരം 19.4 മീറ്ററിൽ നിന്നും 22.4 മീറ്ററാക്കി ഉയർത്തി. കൂടാതെ തൊട്ടടുത്തുള്ള ടവറിന്റെ താഴത്തെ cross arm 21.4 മീറ്ററിൽ നിന്നും 24.6 മീറ്ററിലേക്ക് ഉയർത്തി. ഇതുമൂലം 48 മരങ്ങൾ മുറിക്കേണ്ടിടത്ത് 3 മരങ്ങൾ മാത്രമേ അധികമായി മുറിച്ചു മാറ്റേണ്ട സ്ഥിതി വന്നിട്ടുള്ളൂ. കൂടാതെ 5 മരങ്ങളുടെ ചില്ലകൾ മാത്രമേ മുറിക്കേണ്ടി വരുകയുള്ളൂ. |
| (ബി) പ്രസ്തുത പ്രദേശത്ത് നടക്കുന്ന പരിസ്ഥിതി ആഘാത നിർമ്മാണ പ്രവർത്തനങ്ങൾ ശാന്തിവനത്തിലുണ്ടാക്കുന്ന ആഘാതങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയോ;<br><br>(സി) ഇല്ലെങ്കിൽ ശാന്തിവനത്തിൽ നടക്കുന്ന ടവർ നിർമ്മാണം ഈ പ്രദേശത്തിന്റെ ജൈവ വൈവിധ്യത്തെ എപ്രകാരം ബാധിക്കുമെന്ന കാര്യം പഠന വിധേയമാക്കുമോ? | (ബി) & (സി) പ്രസ്തുത പ്രദേശം പരിസ്ഥിതി ലോല മേഖലയോ notified വനമേഖലയോ അല്ല. സ്വകാര്യ ഭൂമിയാണ്. ഇവിടെ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾകൊണ്ട് ഈ പ്രദേശത്തിന്റെ ജൈവ വൈവിധ്യത്തെയോ പരിസ്ഥിതിയെയോ കാര്യമായി ബാധിക്കുന്നുവെന്ന് കരുതുന്നില്ല. കൂടാതെ വനംവകുപ്പ് ഈ പ്രദേശത്തെ സാങ്കേതികമായി വനമേഖലയായി പരിഗണിക്കാനാവില്ലെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ